I/76966/2023

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/10726/2021-AA-II(1)

തീയതി 23-02-2023

## ക്വട്ടേഷൻ പരസ്യം

വികാസ് ഭവൻ കോമ്പ്ലക്സിലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ E P A B X സിസ്റ്റം അറ്റകുറ്റപ്പണികൾ നടത്തി സ്ഥാപിതശേഷിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് മുദ്രവച്ച കവറുകളിൽ നിശ്ചിത മാതൃകയിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 'E P A B X സിസ്റ്റം റിപ്പയർ ക്വട്ടേഷൻ' എന്ന് കവറിനു പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അക്കൗണ്ട്സ് ഓഫീസർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫീസ്, വികാസ് ഭവൻ, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ ഠ4-03-2023 രാവിലെ 11.30 വരെ സ്വീകരിക്കുന്നതും ലഭ്യമായവ അന്നേ ദിവസം ഉച്ച് കഴിഞ്ഞ് 2 മണിക്ക് അക്കൗണ്ട്സ് ഓഫീസറുടെ ചേമ്പറിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ക്വട്ടേഷൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ അന്തിമ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തിക്കിട്ടിയ ആൾ നിശ്ചിത മാതൃകയിൽ മുദ്ര പത്രത്തിൽ കരാർ വയ്ക്കേണ്ടതും 5000/- രൂപ നിരത ദ്രവ്യം ഒടുക്കേണ്ടതുമാണ്. ആഫീസിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പണിപൂർത്തിയാക്കി നൽകേണ്ടതാണ്.

EPABX സിസ്റ്റം റിപ്പയറിങ്ങിനുള്ള ചാർജ്ജ് പ്രത്യേകമായും ടെലഫോൺ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള/പുതുതായി നൽകുന്നതിനുള്ള നിരക്ക് പ്രത്യേകമായും പരാമർശിക്കേണ്ടതാണ്. ആഫീസ് പ്രവർത്തി സമയങ്ങളിൽ നിലവിലുള്ള ഉപകരണത്തിന്റെ അവസ്ഥ സെക്ഷൻ ചുമതലക്കാരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്. ക്വട്ടേഷൻ ചുവടെ ചേർക്കുന്ന മാതൃകയിൽ നൽകേണ്ടതാണ്. ഓരോ ഇനത്തിനും GST ഉൾപ്പെടെ മൊത്തം നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

EPABX സിസ്റ്റം റിപ്പയറിങ്ങ്, ടെലഫോൺ മെയ്ന്റനൻസ്, പുതിയ ടെലഫോൺ എന്നിവയുടെ നിരക്കുകൾ പ്രത്യേകമായി പരിഗണിക്കുന്നതും ഓരോന്നിനും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി നൽകിയ ബിഡ്ഡർക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമാണ്.

| ക്രമ നമ്പർ | ഇനവിവരം | നിരക്ക് | അഭിപ്രായക്കുറിപ്പ് (ആഫീസ് ഉപയോഗത്തിന്) |
|---|---|---|---|
| 1 | EPABX സിസ്റ്റം റിപ്പയറിങ്ങ് | | |
| 2 | വാറണ്ടി കാലാവധി | | |
| 3 | ടെലഫോൺ മെയ്ന്റനൻസ് | | |
| 4 | പുതിയ ടെലഫോൺ | | |

| | | | |
|---|---|---|---|
| 5 | വാർഷിക മെയ്ന്ററനൻസ് നിരക്ക് | | |

ക്വട്ടേഷൻ റദ്ദാക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം അക്കൗണ്ട്സ് ഓഫീസറിൽ നിക്ഷിപ്തമാണ്. മറ്റ് സർക്കാർ ക്വട്ടേഷനുകൾക്ക് ഉള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. വിശദവിവരങ്ങൾ ആവശ്യമെങ്കിൽ ആഫീസ് പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും നേരിട്ട ലഭ്യമാക്കുന്നതാണ്.

Signed by
Baiju.s
Date: 23-02-2023 20:44:55

BAIJU.S
ACCOUNTS OFFICER
കൃഷി ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. നോട്ടീസ് ബോർഡ്
2. കൃഷി ഡെപ്യൂട്ടി ഡയറക്ടർ , IT സെൽ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കൃഷി ഡയറക്ടറുടെ മേശമേൽ
4. കൃഷി അഡീഷണൽ ഡയറക്ടർ(പ്ലാനിംഗ്)
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
6. സീനിയർ ഫിനാൻസ് ആഫീസർ
7. വിജിലൻസ് ആഫീസർ